'സുനാമി ഏർലി വാണിംഗ് സിസ്റ്റം' പദ്ധതി

168 (3942) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി പോലുള്ള പ്രകൃതി ദുരന്തങ്ങളുടെ മുന്നറിയിപ്പ് യഥാസമയം ജനങ്ങളിൽ എത്തിക്കാൻ യുണൈറ്റഡ് നേഷൻസ് ഡെവലപ്പമെന്റ് പ്രോഗ്രാം (യു.എൻ.ഡി.പി) ആവിഷ്ക്കരിച്ച 'സുനാമി ഏർലി വാണിംഗ് സിസ്റ്റം' കേരളത്തിൽ നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ പ്രധാന ലക്ഷ്യമെന്ത് ; ഇതുമായി ബന്ധപ്പെട്ട് ഇതിനകം നടന്ന പ്രവർത്തികൾ എന്തൊക്കെ ; പദ്ധതിക്കായി എത്ര തുക ഇതിനകം .വിനിയോഗിച്ചു ;

(സി) എന്നാൽ പ്രസ്തുത പദ്ധതി ആന്ധ്രയിലും തമിഴ്നാട്ടിലും പരാജയമായിരുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ന്യൂനതകൾ പരിഹരിച്ച് പദ്ധതി നടപ്പാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കും ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയുടെ ഭാഗമായി യു.എൻ. ഡി.പി.-യുടെ സഹകരണത്തോടെ സംസ്ഥാനത്തെ 14 കളക്ടറേറ്റുകൾ, 63 താലൂക്ക് ഓഫീസുകൾ, 295 വില്ലേജ് ഓഫീസുകൾ എന്നിവയെ സ്റ്റേറ്റ് കൺട്രോൾ റൂമുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള ഏർലി വാണിംഗ് സിസ്റ്റം കേരളത്തിൽ നടപ്പാക്കിയിട്ടുണ്ട്.

(ബി) സുനാമി, ചുഴലിക്കാറ്റ്, പേമാരി എന്നീ പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകാൻ ഈ സംവിധാനംകൊണ്ട് സാധിക്കും. കേന്ദ്ര ആഭ്യന്തര മന്ത്രാലയം, ഇൻഡ്യൻ മെറ്റീരിയോളജിക്കൽ ഡിപ്പാർട്ടുമെന്റ്, ഇൻഡ്യൻ നാഷണൽ കൗൺസിൽ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസ് തുടങ്ങിയവരിൽനിന്നും ലഭിക്കുന്ന മുന്നറിയിപ്പുകൾ അതായത് സമയങ്ങളിൽ സംസ്ഥാന കൺട്രോൾ റൂമിൽ സ്വീകരിക്കുവാനും എല്ലാ കളക്ട്രേറ്റുകളിലേയ്ക്കും വില്ലേജ് ഓഫീസുകളിലേയ്ക്കും അറിയിക്കുവാനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഏർലി വാണിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനായി യു.എൻ.ഡി.പി. സഹായമായി ലഭിച്ച 1,28,85,813 രൂപയും എ.ഡി.ബി. സഹായമായി ലഭിച്ച 1,62,55,807 രൂപയും വിനിയോഗിച്ചു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly